# വിധിക്കരുത്

## മത്തായി 26:10

**“യേശു അതു അറിഞ്ഞു അവരോട്: സ്ത്രീയെ അസഹ്യപ്പെടുത്തുന്നതു എന്തു? അവൾ എങ്കൽ നല്ല പ്രവൃത്തിയല്ലോ ചെയ്തതു.”**

ബേഥാന്യയിലുള്ള കുഷ്ഠരോഗിയായിരുന്ന ശീമോന്റെ ഭവനത്തിൽ യേശു ഇരിക്കുമ്പോൾ നടക്കുന്ന ഒരു സംഭവമാണിവിടെ വിവരിക്കുന്നത്. ഒരു സ്ത്രീ വിലയേറിയ പരിമളതൈലം കൊണ്ടുവന്ന് അത് യേശുവിന്റെ തലയിൽ ഒഴിക്കുന്ന കാഴ്ച കണ്ട് അതിൽ ഇടപെട്ട ശിഷ്യന്മാരോട് യേശു മറുപടി പറയുന്ന ഭാഗമാണ് മേൽ വായിച്ചു കണ്ടത്. മറ്റൊരാൾ ചെയ്യുന്ന പ്രവൃത്തിയെ ഓരോരുത്തരും നോക്കിക്കാണുന്നത് വ്യത്യസ്ഥമായിട്ടാണ്. ചിലർ എല്ലാറ്റിലും കുറ്റം കണ്ടെത്താൻ സമർത്ഥരായിരിക്കും. വാസ്തവത്തിൽ അങ്ങനെയുള്ളവർ സ്വന്തം ജീവിതത്തിൽ ഉള്ള പോരായ്മകൾ മറച്ചു വയ്ക്കാനാണ് മറ്റുള്ളവരെ കുറ്റപ്പെടുത്തുന്നത്. തങ്ങൾക്കു ചെയ്യാനാകാത്തതു മറ്റുള്ളവർ ചെയ്യുന്നതു കാണുമ്പോൾ സന്തോഷിക്കുന്നതിന്നു പകരം ഞാൻ ചെയ്യാത്തത് മറ്റാരും ചെയ്യരുത് എന്ന മനോഭാവമാണ് അവർക്കുള്ളത്. ചിലർ എത്ര തന്നെ ശാസന കേട്ടാലും ഈ സ്വഭാവത്തിന്നു മാറ്റം വരാത്തവരാണ്.

ഇവിടെ നിഷ്കളങ്കതയോടെ യേശുവിനെ തൈലം പൂശിയ സ്ത്രീയുടെ ദൈവസ്നേഹത്തെ തിരിച്ചറിയാൻ യേശുവിന്റെ ശിഷ്യന്മാർക്കു പോലും കഴിഞ്ഞില്ല. അതിനു കാരണം അവരുടെ ഉള്ളിൽ മുമ്പെ തന്നെ സ്ഥാനം പിടിച്ചിരുന്ന ചില ചിന്തകളാണ്. നമ്മുടെ മനസ്സിലും മുൻകൂർ ഇടം പിടിച്ചിരിക്കുന്ന അറിവുകളെ ചിലപ്പോഴെങ്കിലും തകർത്തു കളയേണ്ടതുണ്ട്; പ്രത്യേകിച്ച് ദൈവീകമായ കാര്യങ്ങളിൽ, കാരണം; ദൈവം പ്രവർത്തിക്കുന്നത് നാം കണക്കു കൂട്ടിയിരിക്കുന്ന വിധത്തിൽ ആയിരിക്കുകയില്ല . നാം പുറമേ ഉള്ളതു കാണുമ്പോൾ ദൈവം മനുഷ്യരുടെ ഹൃദയങ്ങളെ അറിയുന്നു. ഹൃദയവും ചിന്തയും തിരിച്ചറിയാതെ നാം നടത്തുന്ന വിമർശനങ്ങൾ പലരുടെയും ജീവിതത്തിൽ ഒരിക്കലും ഉണങ്ങാത്ത മുറിവുകൾ ഉണ്ടാക്കാം. അവരിലെ വിശ്വാസത്തിനു ഇടർച്ച വരുത്താം.

ഒരു കാര്യങ്ങളിലും നാം വേഗത്തിൽ വിധിയെഴുത്ത് നടത്തരുത്. പ്രത്യേകിച്ച് നമ്മെ സംബന്ധിക്കാത്ത വിഷയങ്ങളിൽ. ഇവിടെ ശിഷ്യന്മാരുടെ കാര്യമെടുത്താൽ അതു തന്നെയാണ് സംഭവിച്ചത്, കാരണം ആ സ്ത്രീ യേശുവിനെയാണ് തൈലം പൂശിയത്. അവളെ വിലക്കണമെങ്കിൽ യേശുവാണ് അത് ചെയ്യേണ്ടിയിരുന്നത്. യേശു അത് ചെയ്യാത്തിടത്തോളം മറ്റുള്ളവർ അവളെ അസഹ്യപ്പെടുത്തരുതായിരുന്നു. ഇതു പോലെ

ദൈവം ഇടപെടേണ്ടിയ വിഷയങ്ങളിൽ നാം തലയിടരുത്, പകരം ദൈവത്തിന്റെ മനസ്സുള്ളവരായി മാറാം. മറ്റുള്ളവരിലെ നന്മ കാണുന്നവരാകാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം:

റോമർ 2:1

അതുകൊണ്ടു വിധിക്കുന്ന ഏതു മനുഷ്യനുമായുള്ളോവേ, നിനക്കു പ്രതിവാദം പറവാൻ ഇല്ല; അന്യനെ വിധിക്കുന്നതിൽ നീ നിന്നെത്തന്നെ കുറ്റം വിധിക്കുന്നു; വിധിക്കുന്ന നീ അതു തന്നേ പ്രവർത്തിക്കുന്നുവല്ലോ

ബ്രദർ. ബിനു ബേബി ആലപ്പുഴ 142